**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 191** **22-02-2022 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി സി.എച്ച്.സി-യ്ക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ എം.എൽ.എ.യുടെ 2020-21 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി-യ്ക്ക് ആംബുലൻസ് വാങ്ങുന്നതിന് 2020 ആഗസ്റ്റ് മാസം ഇരുപത്തി മൂന്ന് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സി.എച്ച്.സി-യ്ക്ക് ആംബുലൻസ് വാങ്ങുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നം. DCSTR/12786/2019 FN8 തീയതി 01.08.2020 പ്രകാരം മുല്ലശ്ശേരി സി.എച്ച്.സി ക്ക് 108 ആംബുലൻസ് വാങ്ങുന്നതിന് 23 ലക്ഷം രൂപ ഭരണാനുമതി ലഭ്യമാക്കിയതിൻ പ്രകാരം ആംബുലൻസ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി 09.11.2021 ലെ സർക്കാർ ഉത്തരവ് (സാധാ)നം.2480/2021/ആ.കു.വ. പ്രകാരം ലഭ്യമാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ GEM-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ആംബുലൻസ് ലഭ്യമാക്കാൻ എത്രയും വേഗം വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | GEM ൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് ആംബുലൻസ് വാങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ